നമ്പർ. സി3/11105/റ്റിസി/2011

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,
രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തൈക്കാട് പി.ഒ തിരുവനന്തപുരം - 14,
[☎0471-2333337/2333317 ഫാക്സ് 0471-2333314]
www.mvd.kerala.gov.in [ഇ-മെയിൽ - tcoffice@keralamvd.gov.in ]
തീയ്യതി, 29.03.2016

പ്രേഷകൻ,

ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ് ,

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും

സർ,

വിഷയം :- ***മോട്ടോർ വാഹന വകുപ്പ്*** — വാഹനങ്ങളുടെ രജിസ്ട്രേഷൻ സമയത്ത് കട്ട് ഓഫ് ചേസിസ് അംഗീകരിക്കുന്നത് — സംബന്ധിച്ച്

സൂചന :- 1. 21.06.2011-ലെ സി3/11105/റ്റിസി/2011 നമ്പർ കത്ത്
2. റൂൾ 122 ഓഫ് സി എം വി റൂൾ 1988.

സൂചന (1) പ്രകാരമുള്ള കത്തിലേയ്ക്ക് താങ്കളുടെ വ്യക്തിപരമായ ശ്രദ്ധ ക്ഷണിച്ചുകൊള്ളുന്നു. പ്രസ്തുത കത്തിലെ ഖണ്ഡിക (6) പ്രകാരമുള്ള വാഹനങ്ങളുടെ വർഷം തിരിച്ചുള്ള കട്ട് ഓഫ് ചേസിസ് നമ്പർ ഓരോ വാഹനത്തിന്റെയും അപ്രൂവലിനോടൊപ്പം രേഖപ്പെടുത്തിയിട്ടുള്ളത് പരിശോധിച്ച് നിർമ്മിച്ച വർഷവും മാസവും ആർ സി ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. ഇതിനായി ഹെഡ് ഓഫീസിൽ നിന്നും ഓരോ തരം വാഹനങ്ങൾക്കും പ്രത്യേകം ആയി അയക്കുന്ന കട്ട് ഓഫ് ചേസിസ് നമ്പരിന്റെ വിശദാംശങ്ങൾക്കായി കാത്തിരിക്കേണ്ടതില്ല എന്ന നിർദ്ദേശം ഇതിനാൽ പിൻവലിക്കുകയാണ്. ഓരോ തരം വാഹനങ്ങൾക്കും അവ നിർമ്മിച്ച മാസവും വർഷവും സംബന്ധിച്ച് കേന്ദ്ര മോട്ടോർ വാഹന ചട്ടത്തിലെ ചട്ടം 122 അനുസരിച്ച് കേന്ദ്ര സർക്കാർ ഏജൻസികൾ നൽകുന്ന കട്ട് ഓഫ് ചേസിസ് നമ്പരിന്റെ വിശദാംശങ്ങൾ വാഹന നിർമ്മാതാക്കൾ ട്രാൻസ്പോർട്ട് കമ്മീഷണർ ഓഫീസിൽ സമർപ്പിക്കേണ്ടതും ട്രാൻസ്പോർട്ട് കമ്മീഷണർ അത് എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും അയച്ചു

കൊടുക്കുന്നതുമാണ്. ഇത്തരത്തിൽ ട്രാൻസ്പോർട്ട് കമ്മീഷണർ ഓഫീസിൽ നിന്നും കട്ട് ഓഫ് ചേസിസ് നമ്പരിന്റെ വിശദാംശങ്ങൾ ലഭിച്ച ശേഷം മാത്രമേ പുതിയ വർഷങ്ങളിലെ മോഡൽ ( അതാത് വാഹനം നിർമ്മിച്ച മാസവും വർഷവും) ആർ സി ബുക്കിൽ രേഖപ്പെടുത്തി നൽകുവാൻ പാടുള്ളൂ. ഇത് സംബന്ധിച്ച നിർദ്ദേശം ബന്ധപ്പെട്ട വാഹന നിർമ്മാതാക്കൾക്കും ഡീലർമാർക്കും നൽകേണ്ടതാണ്.

വിശ്വസ്തതയോടെ,
ഒപ്പ്
ട്രാൻസ്പോർട്ട് കമ്മീഷണർ

അംഗീകാരത്തോടെ

ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ

29/3/16